ബന്ധപ്പെട്ട പഞ്ചായത്തിന്റെ പ്രമേയം ആവശ്യപ്പെടുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നുണ്ട്.

74 (2765) എടവണ്ണ പഞ്ചായത്തിൽ കുടിവെള്ളം നൽകാൻ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടവണ്ണ പഞ്ചായത്തിലെ മുണ്ടേങ്ങര പ്രദേശത്ത് കുടിവെള്ളം നൽകുവാൻ ഒരു പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) അടയന്തിരമായി പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുണ്ടേങ്ങര ഭാഗത്തെ ശുദ്ധജല വിതരണ സ്കീം നടപ്പാക്കുന്നതിന് ഫോർട്ട് ടേം സ്കീമിൽ പെടുത്തി 9.5 ലക്ഷം രൂപയുടെ വർക്ക് 7.5.96-ൽ ടെൻഡർ ചെയ്തു. ഉയർന്ന റേറ്റ് ക്വാട്ട് ചെയ്തതിനാൽ ടെൻഡർ ക്യാൻസൽ ചെയ്തു. 6/96-ലെ പതുക്കിയ നിരക്കിൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ്. ഭരണാനുമതി ആയിട്ടില്ല.

(സി)&(ഡി) ജി.ഒ.(എം.എസ്.)നം. 29/98 ജ.വ. 19.3.98-ലെ ഉത്തരവു പ്രകാരം 55 ലക്ഷത്തിൽ കുറവുള്ള വർക്കുകൾ പഞ്ചായത്തുതന്നെ നടപ്പാക്കേണ്ടതായതിനാൽ ഇക്കാര്യം പഞ്ചായത്തിനെ അറിയിച്ചിരിക്കുകയാണ്.

75 (2766) ശുദ്ധജല വിതരണ പദ്ധതികളുടെ രൂപകൽപ്പന

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ 1996-നു ശേഷം ഏതെങ്കിലും ശുദ്ധജല വിതരണ പദ്ധതികളുടെ രൂപകൽപ്പന മാറ്റുകയുണ്ടായോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) മേൽപ്പറഞ്ഞ പദ്ധതികളുടെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഇവ എന്നത്തേയ്ക്ക് പൂർത്തിയാകും;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡിസൈൻ മാറ്റിയതുമൂലം എത്ര കോടി രൂപയുടെ അധിക ചെലവുണ്ടായി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ രണ്ട് ശുദ്ധജല വിതരണ പദ്ധതികളുടെ രൂപകൽപ്പന മാറ്റുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ശുദ്ധജല വിതരണ പദ്ധതികളുടെ രൂപകൽപ്പന മാറ്റിയിട്ടില്ല.

(ബി) 1. കീഴുപറമ്പു വില്ലേജിനുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

2. അമരംപാലം വില്ലേജിനുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി.

(സി) 3/2001-ൽ.

(ഡി) 3/2001-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കീഴുപറമ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ ഡിസൈൻ മാറ്റിയതുമൂലം 2 ലക്ഷം രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്നു. അമരംപാലം ശുദ്ധജല വിതരണ പദ്ധതിയുടെ ഡിസൈൻ മാറ്റം വാട്ടർ അതോറിറ്റി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

76 (2767) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സംഭരണശേഷി ഉയർത്തുന്നതിനെപ്പറ്റിയുള്ള വിഷയത്തിൽ സംസ്ഥാന സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

77 (2768) പി.വി.ഐ.പി.യുടെ പുത്തൻകുരിശ് ബ്രാഞ്ച് കനാലിന്റെ അറ്റകുറ്റപ്പണി

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.വി.ഐ.പി.യുടെ പുത്തൻകുരിശ് ബ്രാഞ്ച് കനാൽ (കോക്കാപ്പിള്ളി) വെട്ടിയിട്ട് 14 വർഷത്തിലധികമായിട്ടും വെള്ളം എത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly